**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** | **03-02-2026 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ-അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടന്നുവരുന്ന എന്റെ ഭൂമി ഡിജിറ്റൽ സർവേ പദ്ധതി പൂർത്തിയാകുന്നതോടെ ഉയർന്നുവരാനിടയുള്ള വലിയ തോതിലുള്ള അതിർത്തി തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനായി താലൂക്ക് തലത്തിൽ സ്പെഷ്യൽ ട്രിബ്യൂണലുകൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ഡിജിറ്റിൽ സർവെ പൂർത്തിയായി നോട്ടിഫിക്കേഷൻ (13) പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ വില്ലേജുകളിലും ഉയർന്നുവരാൻ സാദ്ധ്യത ഉള്ള എൽ.ആർ.എം പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഓൺലൈനായി സംവിധാനമൊരുക്കിയിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് അപേക്ഷ നൽകുന്നതിന് "എന്റെ ഭൂമി" പോർട്ടലിലും, താലൂക്ക്തലത്തിലും വില്ലേജ് തലത്തിലുമായി ഉദ്യോഗസ്ഥർക്ക് അപേക്ഷ കൈകാര്യം ചെയ്യുന്നതിന് ReLIS പോർട്ടലിലുമാണ് സൗകര്യം ഒരുക്കിയിട്ടുള്ളത്. ഈ പോർട്ടൽ മുഖേന ലഭിച്ചിട്ടുള്ള എല്ലാ പരാതികളും 30 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാതികൾ കൃത്യസമയത്ത് തീർപ്പാക്കുന്നുയെന്ന് ഉറപ്പാക്കുന്നതിന് കളക്ടറേറ്റ് ക്രമീകരിച്ച് ജില്ലാ തലത്തിൽ ജില്ലാ കൺട്രോൾ റൂം, സ്റ്റേറ്റ് തലത്തിൽ സർവെ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂം എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്. |
| (ബി) | തീരദേശത്തെ വീട് നഷ്ടപ്പെട്ടവർക്കായുള്ള പുനർഗേഹം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന ധനസഹായം, നിർമ്മാണ സാമഗ്രികളുടെ നിലവിലെ വിലവർദ്ധനവ് കണക്കിലെടുത്ത് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2019-20 ൽ ഭരണാനുമതി നൽകിയ പുനർഗേഹം പദ്ധതി പ്രകാരം അനുവദിക്കുന്ന പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.<br><br>വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് വ്യക്തിഗത ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുവാനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതാണ്. ഭൂമി വില 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഭൂമി വില 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക നാല് ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.<br><br>പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.<br><br>വ്യക്തിഗത ഭവന നിർമ്മാണത്തിനായുള്ള ധനസഹായത്തിന് പുറമെ പുനർഗേഹം പദ്ധതി പ്രകാരം പുനരധിവാസത്തിനായി ഫിഷറീസ് വകുപ്പ് സ്വന്തം നിലയിൽ സർക്കാർ ഭൂമികളിലും ഏറ്റെടുക്കുന്ന സ്വകാര്യ ഭൂമികളിലും ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നുണ്ട്.<br><br>നിലവിൽ ടി ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ